**കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് (കെ.എസ്.എസ്.എ)**
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
3-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com, www.socialaudit.kerala.gov.in

No.10/MGNSASK/Estt/2026 28.04.2026

## വാർത്താ പ്രസിദ്ധീകരണത്തിന്

**കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് (കെ.എസ്.എസ്.എ)-ൽ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നിലവിലുള്ള ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയിൽ വിവിധ ജില്ലകളിൽ ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് സന്നദ്ധരായ സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ പരിജ്ഞാനവും ടൂവീലർ സ്വന്തമായി ഉള്ളതും അഭികാമ്യ യോഗ്യതയായിരിക്കും. കുടുംബശ്രീ ഉൾപ്പെടെയുള്ള സാമൂഹ്യ സന്നദ്ധ സംഘടനകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായി പ്രവർത്തിച്ച് അനുഭവമുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. പ്രായപരിധി 01.05.2026-ൽ 40 വയസ്സിൽ കവിയാൻ പാടില്ല. എന്നാൽ പട്ടികജാതി, പട്ടിക വർഗ്ഗവിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് ഉണ്ടായിരിക്കുന്നതാണ്. നിലവിൽ 660/- (അറുനൂറ്റി അറുപത് രൂപ) രൂപയാണ് പ്രതിദിന വേതനമായി നിശ്ചയിച്ചിട്ടുള്ളതെങ്കിലും കാലാനുസൃതമായ വർദ്ധനവ് വേതനത്തിൽ ഉണ്ടാകുന്നതാണ്.

സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺ തസ്തികയിലേക്ക് അപേക്ഷ അയയ്ക്കുന്നതിന് താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. യാതൊരു അപേക്ഷ ഫീസും നൽകേണ്ടതില്ല. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ **2026 മെയ് 15-നകം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഗൂഗിൾ ലിങ്ക് വഴിയോ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ വെബ്സൈറ്റിൽ (www.socialaudit.kerala.gov.in) നൽകിയിട്ടുള്ള ഗൂഗിൾ ലിങ്ക് വഴിയോ ഓൺലൈൻ** ആയി അപേക്ഷിക്കാവുന്നതാണ്.

**Link:** https://forms.gle/m7cEQKPSQrymNVfb8

വിശ്വസ്തതയോടെ,

**ഡോ.എൻ.രമാകാന്തൻ**
ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള